**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3467** **26-10-2021 - ൽ മറുപടിയ്ക്ക്**

**ചേരിയംമലയിൽ നിന്നുള്ള നീരൊഴുക്കിന്റെ നിയന്ത്രണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട ബ്ലോക്ക് പഞ്ചായത്തിലെ മങ്കട തോടിലേക്ക് വെള്ളം വന്നു ചേരുന്ന മലംതോട്, കുട്ടിൽതോട്, പൊട്ടേങ്ങൽ തോട്, മങ്കട പാലം, ആണിച്ചാർ എന്നിവിടങ്ങളിൽ ചേരിയം മലയിൽ നിന്നും വെള്ളം ഒഴുകി മണ്ണിടിച്ചിലും കൃഷിനാശവും ഉണ്ടാകുന്നത് കാരണം കർഷകർ അനുഭവിയ്ക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്‌മെന്റ് കോർപ്പറേഷൻ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; പ്രവൃത്തി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ മങ്കട ബ്ലോക്ക് പഞ്ചായത്തിലെ മങ്കട തോടിലേയ്ക്ക് വെള്ളം വന്നു ചേരുന്ന മലംതോട്, കുട്ടിൽതോട്, പൊട്ടേങ്ങൽതോട്, മങ്കടപാടം, ആണിച്ചാൽ എന്നിവിടങ്ങളിൽ ചേരിയം മലയിൽ നിന്നും വെള്ളം ഒഴുകി മണ്ണിടിച്ചിലും കൃഷിനാശവും ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ തൃശ്ശൂർ കൺസ്ട്രക്ഷൻ എഞ്ചിനീയർക്ക് കേരള ലാൻഡ് ഡെലപ്‌മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി) മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രദേശങ്ങളിലെ ഭൂമിയും കൃഷിയിടങ്ങളും തോടുകളും പാർശ്വഭിത്തി കെട്ടി സംരക്ഷിയ്ക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ വി.സി.ബി. (വെർട്ടിക്കൽ സർക്യൂട്ട് ബ്രിഡ്ജ്) നിർമ്മിക്കുന്നതിനും സർക്കാർ നൽകിയ നിർദ്ദേശപ്രകാരം പദ്ധതി നിർദ്ദേശങ്ങൾ കേരള ലാൻഡ് ഡെവലപ്‌മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പദ്ധതിയുടെ നിലവിലത്തെ സ്ഥിതി വ്യക്തമാക്കുമോ? | (ബി) | മലപ്പുറം ജില്ലയിലെ മങ്കട ബ്ലോക്ക് പഞ്ചായത്തിലെ മങ്കട തോടിലേയ്ക്ക് വെള്ളം വന്നു ചേരുന്ന മലംതോട്, കുട്ടിൽതോട്, പൊട്ടേങ്ങൽതോട്, മങ്കടപാടം, ആണിച്ചാൽ എന്നിവിടങ്ങളിൽ ചേരിയം മലയിൽ നിന്നും വെള്ളം ഒഴുകി മണ്ണിടിച്ചിലും കൃഷിനാശവും ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ തൃശ്ശൂർ കൺസ്ട്രക്ഷൻ എഞ്ചിനീയർക്ക് കേരള ലാൻഡ് ഡെലപ്‌മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി) മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ